

ST ANTONY'S H S S, AMMADAM
Little Kites
We Play* We Explore* We Learn
നിറവ്

# ST. ANTONY'S HSS AMMADAM



# എഡിറ്റോറിയൽ

ഒരു ഗ്രാമത്തിൻെറ ഉണർവ്വ്
ചിന്തയുടെ സ്മരണമാണ്
നിലവിലുള്ള സമവാക്യങ്ങളെ ഭേദിച്ച്
കല്ലിന്മേൽ കല്ല് കയററിയത്,
പൂർവ്വികരുടെ ശക്തി,
ആശയങ്ങളും പ്രവർത്തനങ്ങളും,
ഒന്നിച്ചുകൂടിച്ചേർന്ന ഈ കൂടിപള്ളിക്കൂടം,
ഈ പ്രദേശവാസികൾക്ക്
ഉയർച്ചയുടെ കൂടാരമായി....
ചിലർക്കത് ഓർമ്മയായി....
ചിലർക്ക് കർമ്മമേഖലയായി.
ഇന്ന്, ഹൈടെക് വിദ്യാലയമായി
പാറളം ഗ്രാമത്തിൻെറ
തലസ്ഥാനമായ അമ്മാടം ദേശത്ത്
വിദ്യാഭ്യാസ പ്രക്രിയയിലൂടെ
അറിവും തിരിച്ചറിവുമേകി
സമഗ്രവികസനം സാധ്യമാക്കുന്ന
ഈ പള്ളിക്കൂടത്തിലെ
വിദ്യാർത്ഥികൾ പടുത്തുയർത്തിയ
അക്ഷരകൊട്ടാരത്തിലെ
തുറന്നിട്ട ജാലകമായി........
ഇതാ,

***നിറവ്!!!!!!!***

നിങ്ങൾക്കായി.......

# ഞങ്ങളുടെ പ്രധാനാധ്യാപകൻ



സ്റ്റെയ്നി ചാക്കോ

# ലിററിൽ കൈററ് അംഗങ്ങൾ



# ഒപ്പിയെടുത്ത നിമിഷങ്ങൾ













സ

# സ്കൂളിനെ കുറിച്ച് രണ്ടു വാക്ക്

പാറളം പഞ്ചായത്തിൻെറ തലസ്ഥാനമായ അമ്മാടം ദേശത്ത് സ്ഥിതി ചെയ്യുന്ന സെൻറ് ആൻറണീസ് ഹയർ സെക്കൻററി സ്കൂൾ 1939-ലാണ് സ്ഥാപിതമായിരിക്കുന്നത്. 2017 മെയ് 21 ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത ആശീർവദിച്ച്, കേരള സംസ്ഥാന വിദ്യാഭ്യാസ മന്ത്രി ശ്രീ. പ്രൊഫ. രവീന്ദ്രനാഥ്  ഉദ്ഘാടനം ചെയ്ത ഈ അറിവിൻെറ ക്ഷേത്രം പൂർണ്ണമായും ഒരു ഹൈടെക് വിദ്യാലയമാണ്. കേരള സർക്കാരിൻെറ  സ്കീമിൽത്തന്നെ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി 900 ത്തോളം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിക്കുന്നു.  ഇവിടെ പഠനത്തിനായി വരുന്ന സർവ്വമാന കുട്ടികളുടേയും സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യം വെച്ച് പഠന-പാഠ്യേതരവിഷയങ്ങളിൾക്ക്  അധ്യാപകർ മുൻഗണന നൽകുന്നു.

വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർത്ഥികളിൽ സ്നേഹവും സേവനതല്പരതയും വളർത്തിയെടുക്കുന്നതിനായി സേവനമനോഭാവമുളള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'പാലന സമിതി' പ്രവർത്തിച്ചു വരുന്നു. പാറളം പഞ്ചായത്തിലെ നിരാശ്രയരെ കണ്ടെത്തി അവർക്ക് നിത്യോപയോഗസാധനങ്ങൾ എത്തിക്കുകയും,വൃത്തിഹീനമായി കിടന്നിരുന്ന ഇവരുടെ വീടും പരിസരവും

വൃത്തിയാക്കുകയുമാണ് ഈ സമിതിയുടെ പ്രവർത്തനങ്ങൾ.

പാറളം പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പാഠ്യേതരവിഷയങ്ങളിലും നിരന്തരം പരിശീലനം നല്കുന്ന പദ്ധതിയാണ് 'തരംഗം'. ചിത്രരചന, നൃത്തം, കരാട്ടെ, ഫുട്ബോൾ എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. ചിത്രരചന, ഉപന്യാസം, മൾട്ടിമീഡിയ ക്വിസ് എന്നിവയിൽ ജില്ലാടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.
നാടൻ ഭക്ഷണസാധനങ്ങൾ ഒരുക്കിക്കൊണ്ട് 'BLASDA' ഫുഡ് ഫെസ്ററിവൽ നടത്തി. രുചിഭേദങ്ങളുടെ കലവറകളായി ഓരോ ക്ളാസിൻെറ ഓരോ സ്ററാളുകളും മാറി. കൂടാതെ ഗെയിംസ് കോർണർ, ഡാൻസ് സ്ററാൾ, ഫിഷ് ഗാലറി എന്നിവയും കുട്ടികൾ ഒരുക്കി. വിട്ടുവീഴ്ച്ച, സഹകരണം, ഏകോപനം, നേതൃത്വഗുണം, ക്രമീകരണശൈലി, പങ്കുവെയ്ക്കൽ മനോഭാവം, സഹിഷ്ണുത എന്നീ ഗുണങ്ങൾ വളർത്താനും പ്രായോഗികമാക്കാനും ഈ പരിപാടി കൊണ്ട് സാധിച്ചു. കലാമൂല്യമുളള സിനിമകളെ പരിചയപ്പെടുത്തുന്ന 'കതിർ' സംഘടിപ്പിച്ചു.

# അമ്മ

ദിയ മരിയ

അമ്മതൻ മടിയിൽ ഉറങ്ങുമ്പോൾ

മാറുന്നു എന്നിലെ ദുഃഖങ്ങൾ.

അമ്മതൻ മാറോടു ചേർന്നിരിക്കുമ്പോൾ

മാറുന്നു എൻ മനസ്സിൻ വിള്ളലുകൾ

അമ്മയുണ്ട് കൂട്ടിനെങ്കിൽ

എന്തിനു ഭീതിയെൻറയുള്ളിൽ

പ്രഭാത സൂര്യനാളം പോലെ,

ഒഴുകുന്ന പുഴയുടെ അതിരു പോലെ,

പുലരിയിൽ വിടരുന്ന പൂവു പോലെ

അമ്മയെൻ ജീവിതം ധന്യമാക്കും.

# യുവജനങ്ങളും സമൂഹമാധ്യമങ്ങളും

അമൃത ബാബു

ഇന്നു ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിൻെറയും കൈയിൽ ആദ്യമായി വെച്ചു കൊടുക്കുന്ന കളിപ്പാട്ടമായി മാറിയിരിക്കുന്നു മൊബൈൽ ഫോണുകൾ. ആശയവിനിമയം മാത്രമല്ല ലോകം മുഴുവൻ ഈ ചെറുപെട്ടിയിൽ ഭദ്രം. പ്രളയം നടുക്കിയ കേരളത്തെ ഇവ നന്നായി സഹായിച്ചിരുന്നു.

എന്നാൽ മനുഷ്യർക്കിടയിലെ പരസ്പര സ്നേഹം ഇന്ന് ഇല്ലാതായിരിക്കുന്നു. എല്ലാം യാന്ത്രികമായി മാറിയിരിക്കുന്നു.

യുവജനങ്ങളുടെ പല നല്ല ശീലങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു.

വായന, നല്ല സൗഹൃദങ്ങൾ എല്ലാം.

ചിലന്തിവലയിലകപ്പെട്ട തുമ്പിയെ പോലെയായി അവർ.

നമ്മുടെ പഠനത്തിലുള്ള ശ്രദ്ധ ഇല്ലാതാകുന്നു. നമ്മുടെ ചുററിലും നടക്കുന്ന കാര്യങ്ങൾ നാം അറിയാതെ പോകുന്നു.

അതുകൊണ്ട് യുവത്വമേ, സമൂഹമാധ്യമങ്ങളുടെ നീരാളിപിടിത്തത്തിൽ നിന്ന് പുറത്തുവന്ന് വിശാലമായ ഈ ലോകം ആസ്വദിക്കൂ!!

---

**“ നിങ്ങൾ ധീരരാകുന്നതുവരെ നിങ്ങളുടെ ഹൃദയത്തിൽ നിന്ന് വെറുപ്പും വിദ്വേഷവും അകന്നുപോകില്ല.”**

**സ്വാമി വിവേകാനന്ദൻ**

# മഴകാഴ്ച

പുണ്യ കെ ഡി

പൊൻവെയിൽ ആകാശത്തെ ഇരുൾ

ചൂടിയ കറുത്ത മേഘങ്ങൾ മൂടിയല്ലോ

പൊൻവെയിൽ കാണുവാനെത്തിയ

കിളികൾ കൂട്ടിൽ മടങ്ങിയല്ലോ

തെക്കുദിക്കിൽ നിന്നൂതിയ കാറ്റ്

മരങ്ങളെ വീശി തളർത്തുന്നുവോ

കാർമേഘങ്ങൾക്കിടയിൽ നിന്നുതിർന്ന വീണ

മഴതുള്ളികൾ മുറ്റം നിറയെയോഴുകുന്നുവോ

മഴയ്ക്കിടയിലൂടെ വെട്ടവും ഒച്ചയും നൽകുന്ന

മിന്നൽ

ഇടനെഞ്ച് തകർക്കുന്നുവോ?

*****************************************************

# മറയാത്ത സത്യം-അമ്മയെന്ന സത്യം

സ്വാതി സുരേഷ്

അമ്മയുടെ ഉദരത്തിലായിരുന്ന

നിമിഷം മുതൽ ഞാൻ

അമ്മയുടെ സുഖദുഃഖമെല്ലാം അറിഞ്ഞു തുടങ്ങി

മാനവകുലത്തിന്റെ രക്ഷക്കായി

ക്രൂശിലേറ്റപ്പെട്ട കർത്താവിന്മയെപ്പോലെ

എൻ മാതാവെന്നെ വളർത്തി

എന്നുടെയമ്മയെന്നും കൂട്ടുക്കാരിയായി

സ്നേഹത്തിൻ മതിൽക്കെട്ടുകൾക്കുള്ളിൽ

കണ്ണുകൾ നിറയാതെയെന്നും

സ്നേഹവാത്സല്യങ്ങളൽ പൊതിഞ്ഞെന്നെ



2 മാതൃഭൂമി നഗരം

2019 ജനുവരി 15 ചൊവ്വാഴ്ച

പാലന എന്ന കുട്ടിസംഘം ഒരുഗ്രാമത്തെ മുഴുവൻ പരിപാലിക്കുന്ന കഥ

# പാലനം

## പാലനയുടെ യാത്ര

## മാസന്തോറും പാലന

## പാലനയ്ക്ക് ഒരു നിധി

നാൽപ്പതു കുട്ടികളുടെ പാലന പുതിയൊരു മാതൃകയാണ്. സ്വയം സന്നദ്ധരായി ഇറങ്ങിവരുന്ന 5 മുതൽ 10 വരെ ക്ലാസുകളിലുള്ള ഈ കുട്ടികൾ ഒരു ഗ്രാമത്തിന്റെതന്നെ പ്രതീക്ഷയാകുന്നു. കരുണ നഷ്ടപ്പെടാത്ത ഒരു പുതിയ തലമുറയുടെ ശബ്ദമാകുന്നു.

**വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർത്ഥികളിൽ സ്നേഹവും സേവനതല്പരതയും വളർത്തിയെടുക്കുന്നതിനായി സേവനമനോഭാവമുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി 'പാലന സമിതി' പ്രവർത്തിച്ചു വരുന്നു. പാറളം പഞ്ചായത്തിലെ നിരാശ്രയരെ കണ്ടെത്തി അവർക്ക്  നിത്യോപയോഗസാധനങ്ങൾ എത്തിക്കുകയും,വൃത്തിഹീനമായി കിടന്നിരുന്ന ഇവരുടെ വീടും പരിസരവും വൃത്തിയാക്കുകയുമാണ് ഈ സമിതിയുടെ പ്രവർത്തനങ്ങൾ.**

# നാടൻ പാട്ടുകൾ

ഒരു ജനതയുടെ സാംസ്കാരിക പൈതൃകത്തിലെ അത്യന്തം സുന്ദരവും അമൂല്യവുമായ ഘടകമാണ് നാടൻ പാട്ടുകൾ. പരിഷ്ക്കാരത്തിൽ നിന്ന് വളരെയകന്നു നിൽക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിനജീവിതത്തിന് ഉണർവ്വും, ചൊടിയും ചേർക്കാൻ

വേണ്ടി, അവരിൽ വാസനയുള്ള ചിലർ ഒന്നിച്ചുചേർന്നു പാടിയും, വായ്ത്താരിയിട്ടും ഗാനരൂപം പ്രാപിച്ചവയാണ് നാടൻ പാട്ടുകൾ. ഏക കർത്തൃകങ്ങളല്ല ബഹുകർത്തൃകങ്ങളാണ് അധികം നാടൻ പാട്ടുകളും.

ഇവയടെ സാഹിത്യം ആരും എഴുതിയും അച്ചടിച്ചും പ്രചരിപ്പിക്കുന്നതല്ല, മറിച്ച്

പാടിപ്പാടിപ്പകരുന്നവയാണ്.  സ്വതേ ലളിതവും

ഗാനാത്മകവുമാണ്  നാടൻ പാട്ടുകൾ. ഇവയെ മൂന്നായി തരം തിരിക്കാം - മതപരമായവ, മതേതരമായവ, അർദ്ധ മതപരമായവ.

1. മതപരം

1. ബ്രാഹ്മണിപ്പാട്ട്
2. സർപ്പപാട്ട്
3. യാത്രക്കളിപ്പാട്ട്

2. മതേതരം

1. താരാട്ടുപ്പാട്ട്
2. കല്യാണപ്പാട്ട്
3. ഓണപ്പാട്ട്
4. പൂപ്പാട്ട്
5. തിരുവാതിരപ്പാട്ട്

3. അർദ്ധമതപരം

1. നാവേറ്റുപ്പാട്ടുകൾ
2. കൃഷിപ്പാട്ടുകൾ
3. വടക്കൻപ്പാട്ടുകൾ
4. മാപ്പിളപ്പാട്ടുകൾ
5. ഞാറ്റുപ്പാട്ട്
6. വേലൻപാട്ട്
7. മാർഗംകളിപാട്ട്
8. കണ്യാർകളിപാട്ട്

9. കുമ്മാട്ടിപാട്ട്
10. തുമ്പിതുള്ളൽപാട്ട്
11. കർഷകഗാനം
12. കുത്തിയോട്ടപാട്ട്
13. കുറത്തിപാട്ട്
14. ശിശുപാട്ട്


---

# കടംകഥകൾ

1. ആകാശത്തെത്തുന്ന തോട്ടി
2. കാട്ടിലെ കുട്ടിയാനക്ക് എല്ലില്ല
3. രണ്ടു നീർച്ചാലിനൊരു പാലം
4. മോതിരത്തലയൻ കോടാലിക്കാലൻ
5. നാഴി നിറയെ മുല്ലമൊട്ട്
6. നൂറുപറയരിക്കു ഒരു പപ്പടം
7. കൈയിൽ വടി, വായിൽ മധുരം
8. ഒരകം നിറച്ചിരുട്ട്
9. എത്ര കത്തിയാലും കെടാത്ത വിളക്ക്
10. ഇമ്മിണിക്കുട്ടി കണ്ണെഴുതി

**ഉത്തരങ്ങൾ**

1. കണ്ണ്, 2. അട്ട, 3. മൂക്ക്, 4. താക്കോൽ, 5. പല്ല്, 6. നക്ഷത്രങ്ങളും ചന്ദ്രനും, 7. കരിമ്പ്, 8. എള്ള്, 9. സൂര്യൻ, 10. കുന്നിക്കുരു



ജിബിൻ എ ബി




*ജിബിൻ എ ബി*

# കൃതജ്ഞത

നിറവിലെ വിഭവങ്ങളെല്ലാം പൂർണ്ണത
അവകാശപ്പെടുന്നില്ല. എങ്കിലും ഈ
വിഭവങ്ങൾക്ക് പ്രത്യേക മധുരാനുഭൂതിയുണ്ട്.
ഈ സംരംഭം വിജയമാക്കാൻ സഹകരിച്ച
എല്ലാവർക്കും നന്ദിയുടെ വാടാമലരുകൾ
അർപ്പിച്ചുകൊണ്ട് നിർത്തട്ടെ....

*****************************************